LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 2007-ലെ കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ ആക്ട് പ്രകാരം വായ്പ തിരിച്ചടച്ച മത്സ്യത്തൊഴിലാളികളെ കടാശ്വാസ പദ്ധതിയിൽ ഉൾപ്പെടുത്താൻ നിർവ്വാഹമില്ല. കൂടാതെ കടമില്ലാതെ ആശ്വാസം നൽകാൻ നിയമത്തിൽ വ്യവസ്ഥയില്ല.

(ബി) മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ ശിപാർശ ചെയ്യുന്ന കടങ്ങളിൽ സഹകരണ വകുപ്പ് ആഡിറ്റിംഗ് നടത്തി അർഹത ഉണ്ടെന്ന് വകുപ്പ് തലത്തിൽ കണ്ടെത്തുന്ന തുക ബന്ധപ്പെട്ട വായ്പാ അക്കൗണ്ടുകളിലാണ് സഹകരണ സംഘങ്ങൾ/ബാങ്കുകൾ വരവ് വച്ച് നൽകുന്നത്. തുക നൽകാൻ പുതിയ ഉത്തരവിന്റെ ആവശ്യകത ഉള്ളതായി എവിടെയും വ്യക്തമാക്കിയിട്ടില്ല.

മത്സ്യത്തൊഴിലാളികളുടെ വായ്പാ തിരിച്ചടവിന് ഇളവുകൾ

147 (3779)ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യത്തൊഴിലാളികളുടെ വായ്പകൾക്ക് പ്രഖ്യാപിച്ച മോറട്ടോറിയം കാലാവധി എന്നാണ് പൂർത്തിയായത് ;

(ബി) മത്സ്യത്തൊഴിലാളികൾക്ക് കടാശ്വാസ കമ്മീഷൻ വഴി പ്രഖ്യാപിച്ച ഇളവുകൾ പൂർണ്ണമായും നൽകിയിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്താണ് കാലതാമസത്തിന് കാരണമെന്നറിയിക്കുമോ ;

(സി) മത്സ്യത്തൊഴിലാളികൾക്ക് വായ്പാ തിരിച്ചടവിന് പ്രഖ്യാപിച്ച ഇളവുകൾ അടിയന്തരമായി നൽകുന്നതിനും ജപ്തി നടപടികളിൽനിന്നും രക്ഷിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) സഹകരണ സംഘങ്ങളിൽ/ബാങ്കുകളിൽനിന്നും 31-12-2007 വരെ മത്സ്യബന്ധനോപകരണങ്ങൾ വാങ്ങൽ, ഭവന നിർമ്മാണം, കുട്ടികളുടെ വിദ്യാഭ്യാസം, ചികിത്സ, പെൺമക്കളുടെ വിവാഹം എന്നീ ആവശ്യങ്ങൾക്ക് മത്സ്യത്തൊഴിലാളികൾ എടുത്തിട്ടുള്ള വായ്പകളിന്മേൽ തുടങ്ങിവച്ചതോ തുടർന്നു വരുന്നതോ ആയ ജപ്തി നടപടികൾ ഉൾപ്പെടെയുള്ള റിക്കവറി നടപടികൾക്ക് 31-12-2014 വരെ മോറട്ടോറിയം കാലാവധി ഉണ്ട്.

(ബി) മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ നാളിതുവരെയായി ആറു ഘട്ടങ്ങളിലായി 66,363 പേർക്ക് കടാശ്വാസം ശിപാർശ ചെയ്തിട്ടുണ്ട്. ഇതിൽ 48044 പേർക്ക് കടാശ്വാസം അനുവദിച്ചു നൽകിയിട്ടുണ്ട്. അർഹത കണ്ടെത്തിയ 18319 പേർക്ക് ഇനി കടാശ്വാസം അനുവദിക്കാനുണ്ട്. കടാശ്വാസ കമ്മീഷൻ ശിപാർശ ചെയ്ത സഹകരണ മേഖലയിൽ നിന്നുള്ള വായ്പകളിൽ അക്കൗണ്ടുകൾ പരിശോധിച്ച് ആഡിറ്റ് നടത്തി കടാശ്വാസ തുക നൽകുന്നത് സഹകരണ വകുപ്പാണ്. ആഡിറ്റ് നടപടികൾ താമസിച്ചതാണ് തുക അനുവദിക്കുന്ന കാര്യത്തിൽ വന്ന കാലതാമസത്തിന് കാരണം. ദേശസാൽകൃത ബാങ്കുമായി ബന്ധപ്പെട്ട കടങ്ങളിൽ ലിസ്റ്റ് വെരിഫിക്കേഷനായി അതാത് ബാങ്കുകൾക്ക് നൽകിയിരിക്കുകയാണ്. വെരിഫിക്കേഷൻ പൂർത്തിയായാലുടൻ കടാശ്വാസ തുക അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(സി) കടാശ്വാസ കമ്മീഷൻ ശിപാർശ ചെയ്തതും ഓഡിറ്റ് പൂർത്തിയായതുമായ കേസുകളിൽ സർക്കാരിൽനിന്നും തുക അനുവദിച്ചു നൽകിയിട്ടുണ്ട്. ഓഡിറ്റ് പൂർത്തിയാക്കി സമർപ്പിച്ചിട്ടുള്ള 4, 5, 6 ലിസ്റ്റുകളിൽ ഫണ്ട് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നിലവിലുള്ള മോറട്ടോറിയം ഉത്തരവിന്റെ കാലാവധി 31-12-2014 വരെ ഉണ്ട്.

വിദേശകപ്പലുകൾക്ക് മത്സ്യബന്ധനത്തിന് അനുമതിനൽകിയിട്ടുള്ള ദൂരപരിധി

148 (3780) <u>ശ്രീ. എം. ഹംസ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ കടൽത്തീരത്തുനിന്നും എത്ര നോട്ടിക്കൽ മൈൽ അകലെവരെയാണ് വിദേശകപ്പലുകൾക്ക് മത്സ്യബന്ധനത്തിന് അനുമതി നൽകിയിട്ടുള്ളത് ; പ്രസ്തുത പരിധി ലംഘിച്ച് വിദേശ കപ്പലുകൾ മത്സ്യബന്ധനം നടത്തുന്ന കാര്യം ശ്രദ്ധയിലുണ്ടോ ;

(ബി) വിദേശകപ്പലുകൾ അപ്രകാരം മത്സ്യബന്ധനം നടത്തുന്നത് മത്സ്യസമ്പത്ത് കുറയുവാൻ കാരണമായെന്ന ആക്ഷേപം ശ്രദ്ധയിലുണ്ടോ ; ഉണ്ടെങ്കിൽ, അതു തടയുന്നതിനായി സ്വീകരിക്കുന്ന നടപടികൾ വിശദീകരിക്കാമോ ;

(സി) കടലിലെ മത്സ്യസമ്പത്ത് കുറയാനിടയായ സാഹചര്യം പഠിക്കുന്നതിനായി വിദഗ്ധ സമിതിയെ നിയമിക്കുമോ; വിശദാംശം ലഭ്യമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly